**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2311 — 18.12.2012 ൽ മറുപടിയ്ക്ക്

**ജലത്തിലെ മാലിന്യ നിലവാരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ബി.അബ്ദുൾ റസാക്<br>ശ്രീ.സി.മോയിൻകുട്ടി<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന്<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | സി.എൻ.ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നദികൾ, തടാകങ്ങൾ, കുളങ്ങൾ എന്നിവയിലെ മാലിന്യ നിലവാരം മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ നദികളുടെയും പ്രധാന തടാകങ്ങളുടെയും ജലഗുണനിലവാരം ക്രമമായി പരിശോധിച്ചു വരുന്നു. പരിശോധനാ ഫലങ്ങൾ അനുസരിച്ച് പൊതുവെ കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലായി കണ്ടു വരുന്നു. |
| (ബി) നദികളുടെ ഉത്ഭവസ്ഥാനങ്ങളിലും, പതനസ്ഥാനത്തോടടുത്തുമുള്ള ജലസാമ്പിളുകൾ ബോർഡ് പരിശോധിക്കാറുണ്ടോ; എങ്കിൽ വ്യത്യാസം വിശകലനം ചെയ്യാറുണ്ടോ; വിശദവിവരം നല്കാമോ; | (ബി) ഉണ്ട്. കോളിഫോം ബാക്ടീരിയയുടെ അളവാണ് കൂടുതലായി കണ്ടു വരുന്നത്. നദിയുടെ മുകൾ ഭാഗങ്ങളിലും താഴ്ഭാഗങ്ങളിലും കോളിഫോം ബാക്ടീരിയയുടെ അളവിൽ കാര്യമായ വ്യതിയാനം കാണുന്നില്ല. തിരുവനന്തപുരത്തെ കരമന നദിയിൽ മുന്നാറ്റുമുക്കിലും, കടമ്പ്രയാറിൽ ബ്രഹ്മപുരത്തും വർദ്ധിച്ച തോതിൽ കോളിഫോം ബാക്ടീരിയയുടെ അളവ് കണ്ടു വരുന്നു. |
| (സി) രാസമാലിന്യങ്ങളുടെ തോത് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഏറ്റവും ഒടുവിൽ പരിശോധിച്ചതെന്നാണെന്നും ഓരോ നദിയിലെയും തോത് എത്ര വീതമാണെന്നും വ്യക്തമാക്കാമോ? | (സി) കേരളത്തിലെ എല്ലാ നദികളിലെയും ജലത്തിന്റെ, രാസഘടകങ്ങൾ ഉൾപ്പെടെയുള്ള ജലഗുണനിലവാര പരിശോധന മാസംതോറും നടത്തി വരുന്നു. 2011 ഏപ്രിൽ മാസത്തെ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**